(ബി) ഈ കേസന്വേഷണവുമായി ബന്ധപ്പെട്ട് സി.ബി.ഐ. സംഘം എന്തെല്ലാം കാര്യങ്ങൾ ലഭ്യമാക്കണമെന്നാണ് ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ സി.ബി.ഐ.-ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി. ബി. ഐ. സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പ്രത്യേക നിർദ്ദേശം നൽകിയിരുന്നില്ല. എന്നാൽ കേസുമായി ബന്ധപ്പെട്ട രേഖകൾ സി.ബി.ഐ.യ്ക്ക് കൈമാറണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു. അന്വേഷണത്തിനായി റവന്യൂ ഇന്റലിജൻസ്/വിജിലൻസ്/പോലീസ് വിഭാഗങ്ങളുടെ സഹായം പ്രയോജനപ്പെടുത്താമെന്നും ഉത്തരവിൽ പറയുന്നു.

(ബി & സി) അന്വേഷണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തും, എറണാകുളത്തും ഓഫീസും അനുബന്ധ സൗകര്യങ്ങളും, വാഹനം, പോലീസ്/വിജിലൻസ്./ റവന്യൂ/സർവ്വേ/രജിസ്ട്രേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമായ സമയത്ത് വിട്ടുനൽകണമെന്നുമാണ് സി.ബി.ഐ. ആവശ്യപ്പെട്ടിരുന്നത്. ആവശ്യപ്പെട്ട മുഴുവൻ സൗകര്യങ്ങളും നൽകിയിട്ടുണ്ട്.

**സർക്കാർ സർവ്വീസിലെ ദിവസവേതന ജീവനക്കാർ**

**39 (6186)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോവകുപ്പിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തികയുടെ പേരും ലഭ്യമാക്കുമോ ;

(സി) അഞ്ച് വർഷമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തസ്തികകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**നൂറുദിന ഫയൽ തീർപ്പാക്കൽ പദ്ധതി**

**40 (6187)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സർക്കാർ 'നൂറുദിന ഫയൽ തീർപ്പാക്കൽ പദ്ധതി' എന്ന പേരിലോ മറ്റേതെങ്കിലും പേരിലോ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly